പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4446 — 27/06/2013 -ൽ മറുപടിക്ക്

## രജിസ്ട്രേഷൻ ഫീസിലും സ്റ്റാമ്പ് ഡ്യൂട്ടിയിലും ഇളവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം രജിസ്ട്രേഷൻ ചാർജിൽ ഇളവു നൽകി എത്ര ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ: | എ) മുദ്രവിലയിൽ ഇളവ് നൽകി 21-ഉം, രജിസ്ട്രേഷൻ ഫീസിൽ ഇളവ് നൽകി 25-ഉം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) രജിസ്ട്രേഷൻ ഇളവു നല്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | ബി) പകർപ്പ് അടക്കം ചെയ്തിട്ടുണ്ട്. |
| സി) രജിസ്ട്രേഷൻ ഫീസിലും സ്റ്റാമ്പ് ഡ്യൂട്ടിയിലും ഇളവ് നൽകിയ സ്ഥാപനങ്ങൾ, വ്യക്തികൾ, എന്താവശ്യത്തിന് ഇളവ് നൽകി, എന്നിവ വിശദമാക്കുമോ; | സി) പട്ടിക പ്രത്യേകം നൽകിയിട്ടുണ്ട്. |
| ഡി) ഇളവു നൽകിയില്ലായിരുന്നുവെങ്കിൽ, സർക്കാർ നിശ്ചയിച്ചിട്ടുള്ള വില പ്രകാരം രജിസ്ട്രേഷൻ ഫീസായും സ്റ്റാമ്പ് ഡ്യൂട്ടിയായും എത്ര തുക കിട്ടുമായിരുന്നു എന്ന് വ്യക്തമാക്കുമോ; | ഡി) ഇളവനുവദിച്ചില്ലായിരുന്നുവെങ്കിൽ മുദ്രവിലയിനത്തിൽ 2,28,97,241/- രൂപയും രജിസ്ട്രേഷൻ ഫീസിനത്തിൽ 4,84,38,566/- രൂപയും സർക്കാരിന് വരുമാനം ലഭിക്കുമായിരുന്നു. |
| ഇ) രജിസ്ട്രേഷൻ ഫീസിലും മുദ്രപത്രത്തിലും ഇളവ് തരുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ? | ഇ) 1) 1959-ലെ കേരള മുദ്രപ്പത്ര നിയമം 9(1)(എ) വകുപ്പ് പ്രകാരം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവിനാൽ ഗവൺമെന്റിന് കരണങ്ങളുടെ വല്ല |

പ്രത്യേകം തരത്തിനോ ആ തരത്തിലുള്ള കരണങ്ങളിൽ വല്ലതിനുമോ അല്ലെങ്കിൽ കരണങ്ങളിൽ വല്ലതും വല്ല പ്രത്യേക വർഗ്ഗക്കാരോ വർഗ്ഗക്കാർക്കോ ആകട്ടെ ആ വർഗ്ഗത്തിലെ വല്ല ആളുകളോ ആളുകൾക്കോ ആകട്ടെ എഴുതികൊടുക്കുമ്പോൾ ആ കരണങ്ങൾക്കോ ചുമത്തേണ്ടുന്ന മുദ്രവില കേരള സംസ്ഥാനത്ത് ഒട്ടുക്കോ വല്ലഭാഗത്തോ ഭാവികാലത്തേയ്ക്കോ ഭൂതകാലത്തേ യ്ക്കോ ആയാലും ശരി കുറയ്ക്കുകയോ വിട്ടുകൊടുക്കുകയോ ചെയ്യുന്നത് പൊതു താത്പര്യാർത്ഥം ആവശ്യമാണെന്ന് ഗവൺമെന്റിന് തോന്നുന്നതായാൽ അങ്ങനെ ചെയ്യാവുന്നതാണ്.

(2) 1908-ലെ രജിസ്ട്രേഷൻ നിയമം 78(2) വകുപ്പനുസരിച്ച് സംസ്ഥാന ഗവൺമെന്റിന് പൊതുതാത്പര്യാർത്ഥം അങ്ങനെ ചെയ്യേണ്ടത് ആവശ്യമാണെന്ന് തോന്നുകയാണെങ്കിൽ ഔദ്യോഗിക ഗസറ്റിൽ പരസ്യപ്പെടുത്തുന്ന ഉത്തരവ് മൂലം ഒന്നുകിൽ പൊതുവായോ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേകം വിഭാഗത്തിലോ വിഭാഗങ്ങളിലോപെടുന്ന സംഗതികൾക്കായോ, ആളുകൾക്ക് പൊതുവായോ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക വിഭാഗത്തിലോ വിഭാഗങ്ങളിലോപെടുന്ന ആളുകളെ സംബന്ധിച്ചോ അങ്ങനേയും കൊടുക്കേണ്ടതായ ഫീസ് ഇളവ് ചെയ്ത് കൊടുക്കാവുന്നതാണ്.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ

R